പ്രേഷിതൻ

സ്റ്റേഷൻ ഹൗസ് ഓഫീസർ

കാക്കൂർ പോലീസ് സ്റ്റേഷൻ.

സ്വീകർത്താവ്

ജില്ലാ പോലീസ് മേധാവി -

കോഴിക്കോട് റൂറൽ.

സർ,

വിഷയം:- കാക്കൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ ഫലവൃക്ഷങ്ങളിലെ ആദായം എടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നത് സംബന്ധിച്ച്.

സൂചിക –No. B3-6654/2022/DR Dt 13.12.22

മേൽ വിഷയത്തിലേക്കും സൂചികയിലേക്കും അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു.

കാക്കൂർ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന വസ്തുവിലെ 5 തെങ്ങ്, 2 പ്ലാവ് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും അടുത്ത ഒരു വർഷത്തേക്ക് ആധായം എടുക്കാനുള്ള അവകാശം പരസ്യമായി ലേലം ചെയ്യുന്നതിനായി മേൽ സൂചന പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം 08.02.2023 തിയ്യതി രാവിലെ 10.00 മണിക്ക് സ്റ്റേഷൻ പരിസരത്ത് വെച്ച് ലേലം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. പ്രസ്തുത ലേല നടപടികൾക്കായി താഴെ പറയുന്നവരെ അംഗങ്ങളായി ഉൾക്കൊള്ളിച്ചുകൊണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട് എന്ന് മേലധികാരത്തിങ്കലേക്ക് അറിയിച്ച് കൊള്ളുന്നു. ലേലപരസ്യം ഇതൊന്നിച്ചുണ്ട്.

1.Sanal Raj. M. Inspector SHO Kakkur Ps

2.Abdul Salam. SI Kakkur Ps.

3.Sathyaprakash. SW Kakkur Ps

വിശ്വസ്തതയോടെ.

17/01/23

Inspector SHO
Kakkur Police Station

## ലേല പരസ്യം

കാക്കൂർ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന വസ്തുവിലെ 5 തെങ്ങ്, 2 പ്ലാവ് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും അടുത്ത ഒരു വർഷത്തേക്ക് ആധായം എടുക്കാനുള്ള അവകാശം 08.02.2023 തിയ്യതി 10.00 മണിക്ക് സ്റ്റേഷൻ പരിസരത്ത് വെച്ച് താഴെ പറയുന്ന നിബന്ധനങ്ങൾക്ക് വിധേയവായി പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.

1) പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിന് അരമണിക്കൂർ മുമ്പായി നിരത ദ്രവ്യമായ 500 രൂപ ലേല ബോർഡുമുമ്പാകെ കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ അവരവരുടെ തിരിച്ചറിയൽ രേഖ കൈവശം കരുതേണ്ടതാണ്.
2) കാക്കൂർ പോലീസ് സ്റ്റേഷൻ SHO യുടെ അനുമതിയോടെ ഓഫീസ് സമയത്ത് മരങ്ങൾ പരിശോധിക്കാവുന്നതാണ്.
3) ലേലം ഉറപ്പിച്ച് കഴിഞ്ഞാൽ ലേലത്തുക നികുതി ഉൾപ്പെടെ അടക്കേണ്ടതാണ്.
4) ലേല സാമഗ്രികൾ പാകമാവുന്ന മുറക്ക് നീക്കം ചെയ്യേണ്ടതും ആയത് നീക്കം ചെയ്യാത്തതുമൂലമോ അല്ലാതെയോ നാശനഷ്ടങ്ങൾ ഉണ്ടായാൽ ആയതിൻറെ ഉത്തരവാദിത്വം ലേലം കൊണ്ടയാളിൽ നിക്ഷിപ്തമായിരിക്കും
5) ലേലം സ്വീകരിച്ചാൽ ഉടനെ തന്നെ ഫലവൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കാവുന്നതാണ്.
6) ലേലം കൊള്ളാത്തവരുടെ നിരത ദ്രവ്യം ലേലം കഴിഞ്ഞയുടൻ തിരികെ നൽകുന്നതാണ്.
7) യാതൊരുവിധ കാരണവും കൂടാതെ ലേലം മാറ്റി വെക്കുന്നതിനോ, ലേലം അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അവകാശം ജില്ലാ പോലീസ് മേധാവിക്കോ ലേല കമ്മറ്റിക്കോ ഉണ്ടായിരിക്കുന്നതും ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിൽ ബാധകമായിരിക്കുന്നതുമാണ്.

17/01/23

Inspector SHO
Kakkur Police Station